ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത ജനറൽ ആശുപത്രി യോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് താത്പര്യമുള്ള സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ

97 (4679) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള ബാങ്കുകളിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ എത്ര രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുകയുണ്ടായി ; ഏതു വർഷംവരെയുള്ള വായ്പകളാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ ബാങ്കുകളിലെ പ്രസ്തുത വിഭാഗങ്ങൾക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുമോ ; ഇതിനുള്ള പലിശ സബ്സിഡി വിഹിതത്തിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിലുള്ള വായ്പകൾ സഹകരണ ബാങ്കുകൾവഴി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും, തദ്വാര പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടും മുഖേന പരാമർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. നിവൈവൽ സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് പരമാവധി 6 ലക്ഷം രൂപ (ഓഹരി 2,40,000- രൂപ, സബ്സിഡി-3,60,000-രൂപ)

LIBRARY ARCHIVES Kerala Legislative Assembly

2. സംഘം കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് പരമാവധി 5 ലക്ഷം രൂപ (സബ്സിഡി).

3. സർക്കാർ ഓഹരി മൂലധനം (പദ്ധതികൾ നടപ്പിലാക്കുന്നതിന്) - പരമാവധി 4 ലക്ഷം രൂപ

4. കമ്പ്യൂട്ടർ പരിശീലന കേന്ദ്രം (സംഘങ്ങൾ മുഖേന എസ്സി/എസ്ടി. യുവാക്കൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിന്) പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000-രൂപ സബ്സിഡി 3,50,000-രൂപ)

5. സംഘം ജീവനക്കാരുടെ ശമ്പളം - മാതൃകാധിഷ്ഠിത സബ്സിഡി (അഞ്ച് കൊല്ലം ധനസഹായം നൽകുന്നതിനുള്ള പദ്ധതി) ഇത് പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ രണ്ട് കൊല്ലം 60,000 രൂപ വീതവും, മൂന്നും നാലും വർഷങ്ങളിൽ 36,000 രൂപ വീതവും അഞ്ചാം വർഷം 12,000 രൂപയും നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

(ബി) ഒന്നരലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50000 രൂപ വരെയുള്ള കടബാദ്ധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ. (അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം ഉത്തരവാകുകയും ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണസംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി ആനുകൂല്യത്തിനായി സംഘങ്ങൾ തയ്യാറാക്കിയ ആനുകൂല്യ പട്ടികകളിന്മേൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധന നടത്തി അർഹതയുണ്ടെന്ന് കണ്ടെത്തിയതും സംഘങ്ങൾ/ബാങ്കുകൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തിട്ടുള്ളതുമായ വായ്പകൾക്ക് കടാശ്വാസ ആനുകൂല്യമായി 2,63,50,468 രൂപ വിതരണം ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച സഹകരണ വകുപ്പിന്റെ അപേക്ഷ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഇവ അനുവദിച്ച് നൽകുന്നതാണ്. കൂടാതെ, ഒന്നര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 1,00,000 രൂപ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 30-3-2015-ലെ സ.ഉ.(അച്ചടി) 24/15/ പജപവവിവ നമ്പർ പ്രകാരം ഉത്തരവാകുകയും ആയതിന് അനുസൃതമായി അർഹതയുള്ള വായ്പകളെ സംബന്ധിച്ച വകുപ്പുതല പരിശോധനാ നടപടി പുരോഗമിച്ച് വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെയുള്ള കർഷകർ എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ കാർഷിക വായ്പകൾ പലിശരഹിത വായ്പയാക്കി മാറ്റുന്നതിനുള്ള 'ഉത്തേജന പലിശയിളവ് പദ്ധതി' സംസ്ഥാന സർക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കിയിട്ടുണ്ട്. കാർഷിക വായ്പകൾക്ക് പുറമെ മറ്റ് വായ്പകൾ പലിശരഹിത വായ്പകളായി പട്ടികജാതിക്കാർക്ക് നൽകണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്

98 (4680) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി. എസ്. സി. 24-5-2006-ൽ കാറ്റ നമ്പർ 20/2006 പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ജില്ലാ സഹകരണ ബാങ്കിന് എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) 30-9-2014 തിരുവനന്തപുരം ജില്ല സഹകരണ ബാങ്കിന് എത്ര ബ്രാഞ്ച് ഓഫീസുകൾ ഉണ്ട് ;

(സി) പുതുതായി രൂപീകരിച്ച ശാഖകളിൽ ഓരോന്നിലും എത്ര ജീവനക്കാർ വീതമുണ്ട് ; ഓരോ തസ്തികയുടെ പേരും ഓരോ ശാഖയുടെ പേരും നൽകാമോ ;

(ഡി) 23-5-2013-ലെ wp(c)No. 11995-ലെ ഓർഡർ പ്രകാരം സ്റ്റേ ചെയ്ത 22 ഒഴിവുകളിലെ നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ; ഏത് തരത്തിലായിരിക്കും പ്രസ്തുത തസ്തികയിൽ നിയമനം നടത്തുക ;

(ഇ) 6-1-2015-ൽ പി.എസ്.സി.യിൽ നിന്ന് ശിപാർശ അയച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) പാർട്ട് I മുതൽ സപ്ലിമെന്ററി ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയെ; അവസാനമായി നിയമനം ലഭിച്ച വ്യക്തിയുടെ പേരും ക്രമനമ്പരും നിയമനം നൽകിയ തീയതിയും വിശദമാക്കുമോ ;

(ജി) 24-5-2006-ന് ശേഷം 30-9-2014 വരെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ; ഏതെല്ലാം തസ്തികകൾ ; 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് വന്നിട്ടുണ്ട് ; വിശദാംശം നൽകുമോ?

LIBRARY ARCHIVES.Kerala Legislative Assembly